# അക്കാദമിക മാസ്റ്റർ പ്ലാൻ

## കടലായി സൗത്ത് യു.പി.സ്കൂൾ

കടലായി, കണ്ണൂർ – 670003

# ഉള്ളടക്കം


1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. നിലവിലുള്ള അവസ്ഥാവിശകലനം
4. കാഴ്ചപ്പാട്
5. പൊതുലക്ഷ്യങ്ങൾ
6. പദ്ധതിവിശദാംശങ്ങൾ
7. വിദ്യാലയ പ്രവർത്തനങ്ങളെ സുഗമമാക്കാനുള്ള അനുബന്ധ സംവിധാനങ്ങൾ
8. മോണിറ്ററിംഗ്
9. ഉപസംഹാരം

# ആമുഖം

അറബിക്കടലിന്റെ തീരത്ത് ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിച്ച ആദികടലായി പ്രദേശത്തെ പിഞ്ചുകുട്ടികളെ അക്ഷരലോകത്തിലേക്കു കൈപിടിച്ചുയർത്തി പ്രാഥമീക വിദ്യാഭ്യാസം സമഗ്രമായ രീതിയിൽ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന കണ്ണൂർ നോർത്ത് ഉപജില്ലയിലെ പൊതു വിദ്യാലയമാണ് കടലായി സൗത്ത് യു.പി. സ്കൂൾ.

1906 ൽ ആരംഭിച്ച ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ലക്ഷ്യം ഈ പ്രദേശത്തെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിച്ചുകൊണ്ട് നാടിന്റെ സർവ്വതോൻമുഖമായ വികസനത്തിൽ പ്രേരകശക്തിയായി തീരുക എന്നതാണ്. എൽ.കെ.ജി മുതൽ ഏഴാതരം വരെ മലയാളം/ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലായി 250 - ൽ ലധികം കുട്ടികൾ ഇപ്പോൾ പഠിക്കുന്ന ഈ വിദ്യാലയം പാഠ്യാനുബന്ധ മേഖലകളിൽ കണ്ണൂർ നോർത്ത് ഉപജില്ലയിൽ എന്നും മുൻനിരയിൽ നിലനിന്നുവരുന്ന സ്കൂളുകളിൽ ഒന്നാണ്.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| NAME OF SCHOOL | : KADALAYI SOUTH U P SCHOOL |
| PANCHAYATH/ CORPORATION | : KANNUR CORPORATION |
| SUB DISTRICT | : KANNUR NORTH |
| NAME OF HEAD MISTRESS | : SEEMA K V |
| PHONE NUMBER | : 7356942961 |
| SCHOOL EMAIL | : kadalayisouthups@gmail.com |
| SCHOOL PHONE NUMBER | : 04972731113 |

# സ്കൂളിന്റെ നിലവിലുള്ള അവസ്ഥ
## നേട്ടങ്ങൾ/പരിമിതികൾ

### പ്രധാനനേട്ടങ്ങൾ

അക്കാദമികം - സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നാക്കാവസ്ഥയിലുള്ള വിടുകളിൽ നിന്നു വരുന്ന കുട്ടികളാണെങ്കിലും പഠനത്തിൽ ശരാശരിയിൽ ഉയർന്ന നിലയിൽ എത്തിക്കാൻ സാധിക്കാറുണ്ട്. കുട്ടികൾക്ക് പ്രയാസം നേരിടുന്ന വിഷയങ്ങളിൽ പ്രത്യേകപരീശിലനം നൽകാറുണ്ട്. പഠനപ്രവർത്തനങ്ങൾക്കാവശ്യമായ വിവിധ പഠനോപകരണങ്ങൾ, മോഡലുകൾ, ചാർട്ടുകൾ, തുടങ്ങിയവ സ്കൂളിൽ ലഭ്യമാണ്. ലൈബ്രറിപുസ്തകങ്ങൾ ക്ലാസ് തലങ്ങളിലും വളരെ വിപുലമായി സജ്ജീകരിച്ചിട്ടുണ്ട്. കുട്ടികളുടെ പഠനത്തിനുവേണ്ടുന്ന ശാസ്ത്രോപകരണങ്ങൾ, കെമിക്കൽസ്, മെട്രിക്ക് ഉപകരണങ്ങൾ, തുടങ്ങിയവയെല്ലാം സ്കൂളിൽ ലഭ്യമാണ്. മുൻവർഷങ്ങളിൽ എൽ.എസ്.എസ്, യു.എസ്.എസ്, യൂറിക്കാ പരീക്ഷ, അക്ഷരമുറ്റം ക്വിസ് തുടങ്ങിയവയിൽ മികച്ചനേട്ടം ലഭിച്ചിട്ടുണ്ട്. ഉറുദ്ദൂടാലന്റ് ടെസ്റ്റ് പരീക്ഷയിൽ സ്റ്റേറ്റിൽ മികച്ച സ്ഥാനം ലഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ക്വിസ് പരിപാടിയിലും ശാസ്ത്ര-ഗണിതശാസ്ത്ര പ്രവൃത്തിപരിചയമേള, തുടങ്ങിയവയിലെല്ലാം കുട്ടികൾ പങ്കെടുക്കാറുണ്ട്. പങ്കെടുത്ത ഇനങ്ങളിലെല്ലാം മികച്ച നേട്ടം നേടാൻ കഴിഞ്ഞിട്ടുണ്ട്. റവന്യുജില്ലാ ശാസ്ത്രമേളകളിലും കുട്ടികളെ പങ്കെടുപ്പിച്ചു A grade ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ സബ്ജില്ല കലോത്സവത്തിൽ സംസ്കൃതോത്സവത്തിലും ജനറൽ വിഭാഗത്തിലും മികച്ചനേട്ടം കൈവരിച്ചു. റവന്യൂജില്ലാ കലോത്സവത്തിലും കുട്ടികൾക്ക് മികമാർന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ വിദ്യാലയത്തിൽ നിന്നു പഠിച്ചുപോയ വിദ്യാർഥികൾ എസ്.എസ്.എൽ.സി. പ്ലസ് ടു, ഡിഗ്രി, പി.ജി പരീക്ഷകളിലും ഒന്നാം റാങ്ക് ഉൾപ്പെടെ മികച്ചവിജയം നേടിയിട്ടുണ്ട്. എല്ലാ ആഴ്കളിലും എസ്.ആർ.ജി. യോഗങ്ങൾ ചേരുകയും അക്കാദമികകാര്യങ്ങൾ വിശദമായി ചർച്ചചെയ്യുകയും ചെയ്യാറുണ്ട്. എസ്.എസ്.എ. നടത്തുന്ന വിവിധ പരിശീലന പരിപാടികളിൽ അദ്ധ്യാപകർ പങ്കെടുക്കാറുണ്ട്. സ്മാർട്ട് ക്ലാസിൽ IT അധിഷ്ഠിത പഠനരീതിയാണ് ഇപ്പോൾ വിദ്യാലയത്തിൽ നടന്നുവരുന്നത്.

# വിദ്യാലയ വികസനകാഴ്ചപ്പാട്

സ്കൂളിന്റെ ഭാവി പ്രവർത്തനങ്ങൾ വിവിധതലങ്ങളിലുള്ള ഗ്രൂപ്പുകൾ ആസൂത്രണം ചെയ്യുകയും അത് സമയബന്ധിതമായി മുൻഗണനാക്രമത്തിൽ നടപ്പിലാക്കണമെന്നു തീരുമാനിക്കുകയും ചെയ്തു.

**അക്കാദമികം** – എസ്.ആർ.ജി യോഗം ചേർന്ന് കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ 1ാം ക്ലാസുമുതൽ 7വരയുള്ള കുട്ടികൾക്കു പ്രത്യേകപ്രവർത്തന പാക്കേജ് തയ്യാറാക്കാൻ തീരുമാനിച്ചു. അടുത്ത അഞ്ചുവർഷം കൊണ്ട് വിദ്യാല യത്തെ സബ്ബ് ജില്ലയിലെ മികച്ച വിദ്യാലയമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ തീരുമാനിച്ചു.

**ഭൗതികം** – വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തുവാൻ മാനേജർ, പി.ടി.എ, എസ്.എസ്.ജി, വികസനസമിതി തുടങ്ങിയ സമിതികളുടെ നിരന്തര പ്രവർത്തനഫലമായി പുതിയ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. സ്മാർട്ട് ക്ലാസ് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ഫർണിച്ചർ പുതുക്കൽ, ഗേൾസ് ഫ്രണ്ടലി ടോയ്‌ലറ്റ്, ചൈൽഡ് ഫ്രണ്ട്‌ലി ക്ലാസ്മുറി തുടങ്ങിയ വയുടെ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചു.

**സാമൂഹികം** – പി.ടി.എ, എം.പി.ടി.എ, എസ്,എസ്,ജി, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടെ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ മികവുറ്റതാ ക്കാൻ തീരുമാനിച്ചു. ഇതിനായി അമ്മമാർക്ക് തൊഴിൽ പരിശീലനം, പ്രവൃത്തി പരിചയം, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുവാനും തീരുമാനിച്ചു. കൂടാതെ നാടിന്റെ സാമൂഹിക പുരോഗതിക്ക് കൗൺസിലിംഗ് ക്ലാസ്, ബോധവത്ക്കര ണക്ലാസ്, സംവാദങ്ങൾ, ചർച്ചകൾ തുടങ്ങിയവ രക്ഷിതാക്കളുടെ പങ്കാളിത്തോടെ നടത്തുവാനും തീരുമാനിച്ചു.

## പൊതുലക്ഷ്യങ്ങൾ

- ❖ അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിലൂടെ മികവിന്റെ കേന്ദ്രങ്ങളാക്കി പൊതു വിദ്യാലയങ്ങളെ വളർത്തുക.

- ❖ വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കാനായി എന്ന് ഉറപ്പ് വരുത്തുക കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കുക.

- ❖ ക്ലാസ് മുറികളിൽ ഐ.സി.ടി. അധിഷ്ഠിത പഠനം ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കുക.

- ❖ സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവത്ക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കുക.

- ❖ ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കുക.

- ❖ സ്കൂൾ പ്രവർത്തനങ്ങളിൽ ജനകീയ പിന്തുണയും പ്രാദേശിക വിഭവസാധ്യതകളും ഉറപ്പ് വരുത്തുക

- ❖ സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളും, സംസ്കൃതം, ഉറുദു, അറബി തുടങ്ങിയ ഇതര ഭാഷകളിലും അനായാസം ആശയവിനിമയം നടത്തുവാനുള്ള കഴിവ് വികസിപ്പിക്കുക

- ❖ ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾക്കൊള്ളിച്ചുള്ള വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക

- ❖ യുക്തിസഹമായി കാര്യങ്ങൾ അവതരിപ്പിക്കാനും ശാസ്ത്രീയ ചിന്താഗതി രൂപപെടുത്താനും ആവശ്യമായ പഠനതന്ത്രങ്ങൾ ആവിഷ്ക്കരിക്കുക

## വിദ്യാലയ പ്രവർത്തനങ്ങളെ സുഗമമാക്കാനുള്ള അനുബന്ധ സംവിധാനങ്ങൾ

### അവസ്ഥ

| വിഭവം | |
|---|---|
| SRG | മാസത്തിൽ 3 തവണ |
| SMC/PTA | മാസംതോറും: |
| SSG | പ്രത്യേക അവസരങ്ങളിൽ |
| സകൂൾ വികസന സമീതി | വികസനപ്രവർത്തനം |
| ക്ലബ്ബുകൾ | പാഠ്യപ്രവർത്തനങ്ങൾ ദിനാചരണങ്ങളുമായി ചേർത്തു കൊണ്ട് പ്രവർത്തിക്കുന്നു. |
| സയൻസ് ക്ലബ്ബ് | ശാസ്ത്രത്തിൽ അഭിരുചി ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നു. |
| ഗണിത ക്ലബ്ബ് | ഗണിതത്തിൽ അഭിരുചി ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നു. |
| സാമൂഹ്യശാസ്ത്ര ക്ലബ് | സാമൂഹ്യശാസ്ത്രപരമായുള്ള കാര്യങ്ങളിൽ അഭിരുചി ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നു. |
| വിദ്യാരംഗം കലാ സാഹിത്യവേദി | സാഹിത്യവാസന വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നു. |
| ആരോഗ്യക്ലബ്ബ് | ആരോഗ്യപരിപാലനം |
| ഊർജ്ജ സംരക്ഷണക്ലബ്ബ് | ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളിൽ വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നു. |
| പരിസ്ഥിതി ക്ലബ്ബ് | പരിസ്ഥിതിയെയും പകൃതിയെയും സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നു. |
| ഹിന്ദി ക്ലബ്ബ് | ഹിന്ദി ഭാഷാപരിപോഷണം |
| ഉറുദു ക്ലബ്ബ് | ഉറുദു ഭാഷാപരിപോഷണം |
| സംസ്കൃത ക്ലബ്ബ് | സംസ്കൃത ഭാഷാപരിപോഷണം |
| ലൈബ്രറി | മികച്ചലൈബ്രറി സാകര്യം ഉപയോഗപ്പെടുത്താൻ. ക്ലാസ് ലൈബ്രറി ശാക്തീകരിക്കാൻ |
| ലാബ് | അനായാസം പരീക്ഷണ നിരീക്ഷണം നടത്തുവാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുന്നു. |
| സ്മാർട്ട് ക്ലാസ്/ കമ്പ്യൂട്ടർ ലാബ് | പഠനപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ |

## അക്കാദമിക മികവിനായി ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ

1. ഭാഷാവസന്തം : ഏതൊരു കുട്ടിക്കും ത്രിഭാഷ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) കളും മറ്റ് ഭാഷകളായ സംസ്കൃതം, ഉറുദു, അറബി എന്നിവയും അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള പ്രവർത്തനം.

2. ശാസ്ത്രവീഥി : ശാസ്ത്രപഠനം കാര്യക്ഷമമാക്കാനും, പരീക്ഷണ നിരീക്ഷണം അനായാസേന ചെയ്യുവാനും കുട്ടികൾക്ക് പ്രാപ്തിയുണ്ടാക്കുക

3. സർഗ്ഗവേദി : കലാകായിക പ്രവൃത്തി പരിചയശേഷി വളർത്തിയെടുക്കാനുള്ള കഴിവ് ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള പ്രവർത്തനം.

4. വ്യക്തിപ്രഭ : വ്യക്തിവികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം.

| | പദ്ധതിയുടെ പേര്‍ | (പ്രവര്‍ത്തനങ്ങള്‍ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാവസന്തം (ഏതൊരു കുട്ടിക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളില്‍ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കല്‍). | പ്രിടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br><br>പരിമിതികള്‍ പരിഹരിക്കാന്‍ ആവശ്യ പ്രവര്‍ത്തന പേക്കേജ് തയ്യാറാക്കല്‍ (പിന്നോക്ക ക്കാര്‍ക്കുള്ള പാക്കേജ് പവര്‍ത്തനങ്ങള്‍)<br>പദപയറ്റ്<br><br>ക്ലാസ്തല വായനക്കൂട്ടം രുപീകരിക്കല്‍ ക്ലാസ് ലൈബ്രറി രൂപീകരണം സമീപ വിദ്യാര്‍ത്ഥികള്‍ ഗ്രന്ഥശാലയില്‍ അംഗത്വം വായനക്കുറിപ്പ്<br><br>പുസ്തക ചര്‍ച്ച<br>വായന അനുഭവം പങ്ക് വെയ്ക്കല്‍<br><br>മാഗസിന്‍ നിര്‍മ്മാണം<br>ഭാഷാ അസംബ്ലി<br>സാഹിത്യകാരന്മാരുമായുള്ള സംവാദം<br>അമ്മ വായന<br>സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി<br>അനായാസം ആശയ കഴിവ് വികസിപ്പിക്കാന്‍) | ജൂണ്‍ ആദ്യവാരം<br><br>ഒരുമാസം<br><br>5മാസം<br><br>6മാസം<br>മാസം<br><br>1 വര്‍ഷം<br><br>2 വര്‍ഷം<br><br>5 വര്‍ഷം | ക്ലാസ് ടീച്ചര്‍ SRG<br><br>അധ്യാപകര്‍<br><br>രക്ഷിതാക്കള്‍<br>വിദ്യാര്‍ത്ഥചശറ്റ<br>SRG<br><br>അധ്യാപകര്‍<br>വിദ്യാര്‍ത്ഥികള്‍<br>മാതൃസമിതി<br><br>SSA,SSF,SRG<br>SSA,SSF,SRG | 1500 |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### സംസ്കൃതം (LP, UP തലം)

| നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | സംഭാഷണ സംസ്കൃതം | എല്ലാ മാസവും ഒരു തവണ | 1,2,3,4, 5,6,7 | സംഭാഷണ സാമർഥ്യം |
| | സംസ്കൃതം കേൾക്കാനുള്ള അവസരം | | | സംസ്കൃതജ്ഞാനം |
| | സംസ്കൃതവാരാചരണം | | | അവതരണപാടവം |
| | സംസ്കൃതം പറയാനുള്ള അവസരം | | | |
| | ഉചിതമായ പ്രോത്സാഹനം നൽകൽ | | | |
| 2 | ദശപുഷ്പോദ്യാന നിർമ്മാണം<br>കൃഷിയറിവ് നൽകൽ<br>നാമപത്രിക സ്ഥാപിക്കൽ | വർഷത്തിൽ ഒരു തവണ | 5,6,7 | കൃഷിജ്ഞാനം<br>നിർമ്മാണ പാടവം<br>സംസ്കൃതജ്ഞാനം |
| 3 | സംസ്കൃതത്തിലെഴുതൽ<br>ഇവയുടെ പ്രദർശനം | | | |
| 4 | നാടകശിൽപശാല | വർഷത്തിൽ 2 തവണ | 5,6,7 | നാടകഅവബോധം |
| | 1.നാടകങ്ങൾ, സംസ്കൃതനാടകങ്ങൾ എന്നിവ കാണാനുള്ള അവസരം | | | അഭിനയപാടവം |
| | 2.അഭിനയപരിശീലനം | | | നാടകരചനാപാടവം |
| | 3.വേദികളിൽ അവതരണാവസരം | | | സംസ്കൃതജ്ഞാനം |
| | 4.സംസ്കൃതനാടക സംഘരൂപീകരണം | | | |
| 5 | കായിക സംസ്കൃതം (പഠനം കളിയിലൂടെ) | എല്ലാമാസവും ഒരു തവണ | 1,2,3,4,5 ,6,7,8 | കായികപരമായ അവബോധം |
| | 1.കുട്ടികളെ കുറിച്ചുള്ള അറിവ് നൽകൽ | | | കുട്ടികളെ കുറിച്ച് അവബോധം |
| | 2.കായികപരമായ അറിവ് നൽകൽ | | | സംഭാഷണ സാമർത്ഥ്യം |
| | 3.കളികൾക്കിയിൽ സംസ്കൃതത്തിൽ മാത്രം സംഭാഷണം | | | സംഭാഷണജ്ഞാനം |
| 6 | വാർത്താസംസ്കൃതം | എല്ലാമാസവും ഒരു തവണ | 4,5,6,7,8 | സംഭാഷണ സാമർത്ഥ്യം |
| | 1.കയ്യെഴുത്തു മാസിക നിർമ്മാണം | | | നിർമ്മാണ പാടവം |
| | 2.വാർത്താ പത്രിക നിർമ്മാണം | | | വാർത്താവിനിമയ പാഠവം |
| | 3.സംസ്കൃതവാർത്തകൾ കേൾക്കാനും കാണാനും ഉള്ള അവസരം | | | പ്രസിദ്ധീകരണ സാമർത്ഥ്യം |
| | 4.വാർത്താവായനാപരിശീലനം | | | |
| | 5.വായനാകാർഡ് നിർമ്മാണം | | | |
| 7 | കലാസംസ്കൃതം | വർഷത്തിൽ ഒരു തവണ | 5,6,7 | കലാവബോധം |
| | സംസ്കൃതോൽസവ ഇനങ്ങളായ നാടകം സംഘഗാനം, പദ്യം എന്നിവ കാണാനുള്ള അവസരം | | | സംസ്കൃജ്ഞാനം |

| | | | | |
|---|---|---|---|---|
| | കലാപരിശീലനം | | | |
| | വേദികളിൽ അവതരണാവസരം | | | |
| | കലാസംഘരൂപീകരണം | | | |
| 8 | ഡിജിറ്റൽ സംസ്കൃതം ആധുനിക സാങ്കേതിക വിദ്യ .പയോജന പ്പെടുത്തി സംസ്കൃത പഠനം രസക രവും ഫലപ്രദമാക്കുന്നതിന് | | 5,6,7 | സംസ്കൃത പഠനത്തിന് സഹായി ക്കുന്ന ആൻഡ്രോയ്ഡ് ആപ്പുകൾപരിചയ പ്പെടുത്തുന്നു |

## കടലായി സൗത്ത് യു.പി സ്കൂൾ
## അക്കാദമിക് മാസ്റ്റർ പ്ലാൻ
## ഉർദു

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല |
|---|---|---|---|---|---|
| 1 | വായന എഴുത്ത് പ്യാരി ഉറുദു | എല്ലാ കുട്ടികൾക്കും എഴുത്തും വായനയും ഉറപ്പു വരുത്തുക വായന കാർഡ് നിർമ്മിക്കുക അവതരണ പാടവ വികസനം | പദചിത്രകാർഡുകൾ കൊച്ചു കവിതകൾ, അക്ഷരകാർഡ്, ചിത്രവായന, ചുമർപത്രിക, ഭിന്നശേഷിക്കാർക്ക് പ്രത്യേകപരിഗണന | ജൂൺ മുതൽ ഒക്ടോബർ വരെ | ഉറുദു അധ്യാപിക |
| 2 | വാർത്ത | വാർത്ത വായന പാടവം | വാർത്തവായന പരിശീലനം | മാസത്തിൽ ഒരു തവണ | ഉറുദു അധ്യാപിക |
| 3 | സംഭാഷണം ഉറുദു | സംഭാഷണ സാമർത്ഥ്യം | ഉറുദു കേൾക്കുവാനുള്ള അവസരം | ജൂൺ മുതൽ മാർച്ച് വരെ | ഉറുദു അധ്യാപിക |
| 4 | ദിനാചരണങ്ങൾ | വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ദിനാചരണങ്ങളിൽ ഉറുദുഭാഷയുടെ സാധ്യത പ്രയോജനപ്പെടുത്തൽ | അസംബ്ലി പോസ്റ്ററിൽ നിർമ്മാണം ചുമർചിത്രം പതിപ്പ്നിർമ്മാണം വീഡിയോപ്രദർശനം | | ഉറുദു അധ്യാപിക |
| 5 | ഉറുദു സാഹിത്യ വേദി മേരി ആവാസുനേ ന്നാ | രചനാപാടവം അഭിനയപാടവം സഭാകമ്പ നിവാരണം അവതരണപാടവം കയ്യെഴുത്ത് മാസിക | രചന പരിശീലനം അഭിനയ പരിശീലനം ഉചിതമായ പ്രോത്സാഹനം നൽകൽ അറിയാവുന്ന കലകൾ എല്ലാവർക്കും അവതരിപ്പിക്കാനുള്ള അവസരം കഥ കവിത കേൾക്കാനും കാണാനുള്ള അവസരം | മാസത്തിൽ രണ്ട് തവണ മാസത്തിൽ ഒരു തവണ | ഉറുദു അധ്യാപിക |
| 6 | ഡിജിറ്റൽ ഉറുദു | ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചു പ്രയോജനപ്പെടുത്തി ഉറുദുപഠന രസകരവും ഫലപ്രദമാക്കുന്നതിന ഡിജിറ്റൽ മാസിക | ഉറുദു ഭാഷ പഠനത്തിന് സഹായിക്കുന്ന ആൻഡ്രോയിഡ് ആപ്പുകൾ പരിചയപ്പെടുത്തുന്നു. കുട്ടികളുടെ സർഗ്ഗ രചനകൾ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ<br>വർഷത്തിൽ രണ്ട് തവണ | ഉറുദു അധ്യാപിക |

# അറബിക്ക്

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം |
|---|---|---|---|---|
| 1 | ലോകഭാഷകളിൽ മൂന്നാംസ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷാപഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുള്ള കഴിവ് കുട്ടികളിൽ വികസിക്കുക | മികവിന്റെ വഴിയിൽ പ്രൈമറി ക്ലാസ്സ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക. മുന്നറിവ് പരിശോധിക്കൽ അക്ഷരങ്ങൾ ഉറപ്പിക്കൽ വാചകങ്ങൾ നിർമ്മിക്കൽ ഭാഷാ കളികൾ | 2 മാസം | പുസ്തകങ്ങൾ വർക്ക് ഷീറ്റുകൾ സീഡികൾ |
| 2 | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക. | വായന വസന്തം വായന മത്സരം ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി whatsapp ഗ്രൂപ്പ് ഈ വായനകുറിപ്പുകൾ അറബിക് പത്രവായന റേഡിയോ | ആറുമാസം | പത്രങ്ങൾ മാഗസിനുകൾ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറി |
| 3 | വായനയുടെയും എഴുത്തുകളുടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനു ള്ള സാഹചര്യം ക്ലാസ് മുറികളിൽഒരുക്കുക | എഴുത്തുത്സവം എഴുത്ത് കൂട്ടം പതിപ്പുകളുടെ നിർമ്മാണം വായനക്കുറിപ്പ് ശേഖരണം ഇൻലാന്റ് മാഗസിൻ ചുമർ ചിത്രങ്ങൾ പോസ്റ്ററുകൾ ഭാഷാകളികൾ | 12 മാസം | അസംബ്ലി പത്രങ്ങൾ |
| 4 | വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ നേട്ടത്തിലൂടെ ഉറപ്പു വരുത്തുക ഭാഷാ പഠ നത്തിൽ ഐടി യുടെ സാധ്യത പ്രയോജന പ്പെടുത്താനും വിക സിപ്പിക്കുവാനും ഉള്ള കഴിവ്കുട്ടികൾ സൃഷ്ടി ക്കുക | അറബിക് കമ്മ്യൂണിക്കേഷൻ ആശയവിനിമയവേദി ക്ലാസ്തലം സ്കൂൾസ്ഥലം മൊബൈൽ ലിസണിങ്ങ് സ്പീക്കിംഗ് യാത്രകൾ അറബിക് മേള നാടകം മോണോ ആക്ട് പ്രസംഗം സംഭാഷണം ഭാഷ കുട്ടികളിൽ അറബിക് അസംബ്ലി ഭാഷാ പ്രദർശനം ഭാഷാ കളികൾ ഭാഷാ ക്യാമ്പ് | ഒരു വർഷം | ടിടിസി പുസ്തകങ്ങൾ സീഡികൾ |
| 5 | സർവ്വ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക | ലാംഗ്വേജ് ലാബ് സ്മാർട്ട് ക്ലാസ്സ് റും അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ ചിത്രീകരണങ്ങൾ സിനിമകൾ ആനിമേഷൻ സോഷ്യൽ മീഡിയ ആക്റ്റിവിറ്റീസ് | ഒരു വർഷം | |
| 6 | അൽ മാഹിർ ടാലെന്റ് എക്സാം | ടാലന്റ് എക്സാമിന് കുട്ടികളെ പരിശീലനം നൽകുക | 8 മാസം | |
| 7 | അലിഫ് ടാലന്റ് | | | |

| | | | | | |
|---|---|---|---|---|---|
| 2 | **<u>ശാസ്ത്രവീഥി</u>**<br><br>(ശാസ്ത്രപഠനം കാര്യക്ഷമമാക്കൽ, കുട്ടികളിൽ സൂക്ഷ്മത, സ്വയം പഠനം തുടങ്ങിയവ വളർത്തി എടുക്കൽ) ശാസ്ത്ര അഭിരുചി വളർത്തൽ | പാരിസ്ഥിതിക അപബോധം വളർത്തൽ പ്രകൃതി സംരക്ഷണം (കാട്, നെൽവയൽ, പുഴ, തോട്, കടൽ കാവുകൾ തുടങ്ങിയവ)<br><br>ശാസ്ത്രമുല ഒരുക്കൽ ക്ലാസ്റും ഡിജിറ്റലൈസേഷൻ അന്വേഷണാത്മക പ്രോജക്റ്റ് സ്കൂൾ ബാങ്കിംഗ് നാട്ടറിവുമേള സെമിനാർ അഭിമുഖം പഠനവിഭവ പോർട്ടൽ<br><br>ഭൂപട നിർമ്മാണം മെട്രിക്മേള ക്വിസ് ജൈവവൈവിധ്യ പാർക്ക് ദിനാചരണങ്ങൾ ശാസ്ത്ര ലൈബ്രറി ശാസ്ത്രദിനാചര ണങ്ങൾ ശാസ്ത്ര ലൈബ്രറി ശാസ്ത്ര ലാബ് സ്കൂൾ പാർലമെൻറ് പ്ലാനിറ്റോറിയം നക്ഷത്ര നിരീക്ഷണം മാലിന്യനിർമാർജനം | മാസംതോറും<br>1 മാസം<br>3 വർഷം<br>6മാസം<br><br>3 മാസം<br>6 മാസം<br>6 മാസം<br><br><br>1 വർഷം<br>2 വർഷം<br>1 വർഷം<br>1 വർഷം | എസ്.ആർ ജി<br>എം. പി.എ<br>എസ്.ആർ.സി<br>പിടിഎ<br>എസ് എസ് ജി<br>വികസനസമിതി<br>എസ്.ആർ.ജി<br>സോഷ്യൽ ക്ലബ്ബ്<br>സോഷ്യൽ ക്ലബ്ബ്<br>ഗണിത ക്ലബ്ബ്<br>പിടിഎ<br>വികസന സമിതി<br><br>പിടിഎ<br>വികസന സമിതി<br>സോഷ്യൽ സോഷ്യൽ ക്ലബ്ബ് എസ് ജി ഹെൽത്ത് ക്ലബ് പരിസ്ഥിതി ക്ലബ് | 1000/-<br>10,000/-<br><br><br>2000/-<br><br><br>50,000/- |
| 3 | **<u>സർഗ്ഗവേദി</u>**<br><br>കലാകായിക പ്രവർത്തി പരിചയ ശേഷി വളർത്തുക | ടാലന്റ് ലാബ് ( പ്രാദേശിക വിഭവ സാധ്യതപ്പെടുത്തിക്കൊണ്ട് കുട്ടികളിലെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ) ആർട്ട് ഗ്യാലറി. പെയിൻറിങ് സ്റ്റുഡിയോ ഡിജിറ്റൽ തിയേറ്റർ യോഗ കളരി കരാട്ടെ നീന്തൽ ഗെയിംസ് കുട നിർമ്മാണം ഫുഡ് ഫെസ്റ്റ് സോപ്പ് ഉൽപ്പന്ന നിർമ്മാണം വെസ്റ്റ് മെറ്റീരിയൽ ഉൽപ്പന്ന നിർമ്മാണം | 1 വർഷം<br>5വർഷം<br>1 വർഷം<br>3 മാസം<br>2 മാസം<br>3 മാസം<br>2 മാസം | എസ് എസ് ജി<br>പിടിഎ<br>കോർപ്പറേഷൻ<br>പഞ്ചായത്ത്<br>എം.പി.ടി.എ<br>പിടിഎ<br>പിടിഎ | 15000/-<br>50,000/-<br><br>1500/-<br>5000/-<br>3000/-<br>2000/- |

| | | | | | |
|---|---|---|---|---|---|
| 4 | വ്യക്തിപ്രഭ (വ്യക്തിത്വ വികസന) | തൊഴിൽ നൈപുണ്യം വളർത്തുന്നതിന് തൊഴിലധിഷ്ഠിത വിദ്യാലയങ്ങളുമായി ഉൾചേർന്ന പ്രവർത്തനം പ്രതിഭാപോഷണം (സ്റ്റുഡന്റ് പോലീസ് കുട്ടി ഡോക്ടർ സ്കൗട്ട് ഗൈഡ്സ്) മൂല്യബോധം വളർത്താനുള്ള കഥകൾ കേൾപ്പിക്കൽ കൗൺസിലിംഗ് ക്ലാസ് ചാരിറ്റി ക്ലബ്ബ് ജാഗ്രത ക്ലബ്ബ് ലഹരിമുക്ത കേമ്പയിൻ കേസ് സ്റ്റഡി (സ്കൂളിലെ ഓരോ വിദ്യാർത്ഥിയുടെയും) സഹജീവി മനോഭാവം കൃഷി അറിവ് അടുക്കളത്തോട്ടം പൂന്തോട്ടം നിർമ്മാണം | 1 വർഷം<br>3 മാസം<br>1 വർഷം<br>1 വർഷം<br>6 മാസം<br>6 മാസം | SSG<br>PTA<br>SRG<br>PTA<br>SRG<br>SPG<br>പരിസ്ഥിതി ക്ലബ്ബ് | 5000/-<br>10000/- |

## മോണിറ്ററിംഗ്

മാസംതോറും അക്കാദമിക മാസ്റ്റർപ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ എഡ്യുക്കേഷൻ തലത്തിലുള്ള മേൽ ഉദ്യോഗസ്ഥരുടെയും വിവിധ സമിതിയുടെയും SRG യുടെയും ഹെഡ്മാസ്റ്ററുടെയും നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്തുന്നതാണ്.

**ഉപസംഹാരം** – സന്നദ്ധ സംഘടന, വികസനസമിതി, പൂർവ്വ വിദ്യാർത്ഥികൾ പി.ടി.എ. മുതലായവരുടെ സഹായത്തോടെ പുതുതായി പണിതുവരുന്ന വിദ്യാലയത്തിന്റെ പണി പൂർത്തിയാക്കി അതിലൂടെ മികച്ചഅക്കാദമിക നിലവാരം കൈവരിച്ചുംകൊണ്ട് വിദ്യാലയത്തെ മികച്ച നിലയിലെത്തിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.